## 1 ആനുകൂല്യവും പ്രാതികൂല്യവും

കോടതിവിധിയെ സ്വാഗതം ചെയ്യതിൽ നിരീശ്വരവാദികളും ശാസ്ത്രജ്ഞരും ഒരു മതത്തിലും വിശ്വസിക്കാത്തവരും മാത്രമല്ല, ദൈവവിശ്വാസികളും മതഭക്തൻമാരുമായ ഒട്ടനവധി പുരോഹിതൻമാർകൂടി ഉൾപ്പെടുന്നു. ജൂതപുരോഹിതൻമാർ തികഞ്ഞ സംതൃപ്തിയോടുകൂടിയാണ് വിധിയെ സ്വാഗതം ചെയ്യത്. പതിമൂന്ന് യുനിറ്റേറിയൻ പുരോഹിതൻമാർ കൂട്ടായി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഈ വിധി 'ഭരണഘടനാപരമായി ഭദ്ര'മാണെന്നു മാത്രമല്ല, 'മതപരമായ താൽപര്യങ്ങൾക്കനുകൂലമാണെന്ന്' കൂടി പറയുന്നു. 'ക്രിസ്ത്യൻ സെഞ്ച്വറി'യുടെ പ്രോട്ടസ്റ്റൻറുകാരനായ പത്രാധിപർ ഹാരോൾഡ് ഫേ എഴുതി:

'പ്രാർഥനയെ നിരോധിക്കുകയല്ല കോടതി ചെയ്തിട്ടുള്ളത്... പള്ളിയും ഭരണകൂടവും തമ്മിലുള്ള ശരിയായ വിഭജനത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ മേധാവിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥരോ ഇടപെടുന്നതിനെ മാത്രമേ കോടതി നിരോധിച്ചിട്ടുള്ളൂ.' (ജൂലൈ 6-ാം തീയതിയിലെ 'ടൈം മാസിക' നോക്കുക.).

എന്നാൽ, ഇതിനെതിരായ അഭിപ്രായങ്ങളും പൊന്തിവന്നിട്ടുണ്ട്. ഉദാഹരണത്തിന്, കോടതിയുടെ വിധി, തന്നെ ഞെട്ടിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തുവെന്നാണ് ന്യൂയോർക്കിലെ റോമൻ കാത്തലിക്ക് ബിഷപ്പ്, ഫ്രാൻസിസ് കാർഡിനൽ സ്പെൽമാൻ പറയുന്നത്. 'ദൈവികമായ യാതൊരു പാരമ്പര്യത്തിലാണോ അമേരിക്കയിലെ കുട്ടികൾ ഇത്രയും കാലം വളർത്തപ്പെട്ടുപോന്നത്, അതിന്റെ ഹൃദയത്തിനു കൊള്ളുന്ന അടിയാണിതെ'ന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. "നമ്മുടെ രാജ്യത്തിന്റെ അധ്യാത്മികപാരമ്പര്യത്തിൽ പങ്കുചേരാൻ കുട്ടികൾക്ക് സന്ദർഭം കൊടുക്കാതിരിക്കലാണ്" ഇതിന്റെ ഫലമെന്ന് ഭിന്നാഭിപ്രായമെഴുതിയ ജഡ്ജി സ്റ്റർട്ട് തന്നെ പ്രഖ്യാപിക്കുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ, പള്ളിക്കൂടങ്ങളിൽ വച്ച് കുട്ടികൾ പ്രാർഥിക്കാതായാൽ അധ്യാത്മികപാരമ്പര്യവും സന്മാർഗികബോധവും നശിക്കുമെന്നും, അങ്ങിനെ തങ്ങളുടെ കുട്ടികൾ തെമ്മാടികളായി വളരുമെന്നുമാണ് മതഭക്തൻമാർ ഭയപ്പെടുന്നത്.

## 2 വിശ്വാസത്തിന്റെ പ്രചാരകൻമാർ

സുപ്രീംകോടതിയുടെ വിധിന്യായം പുറത്തുവരുന്നതുവരെ വീടുകളിൽവച്ചും പള്ളികളിൽവച്ചും മാത്രമല്ല, പള്ളിക്കൂടങ്ങളിൽ വച്ചും കുട്ടികൾ പ്രാർഥിച്ചിരുന്നു. അമേരിക്കൻ ഈശ്വരപ്രാർഥനയ്ക്കു യാതൊരു പഞ്ഞവുമില്ല എന്നല്ല, അടുത്തകാലത്തായി ഈശ്വരപ്രാർഥനയും മതവിശ്വാസവും വളരെയധികം വർധിച്ചിട്ടുമുണ്ട്. വൻകിടക്കാരായ കുത്തകമുതലാളികൾ ജനങ്ങളുടെ മതവിശ്വാസം വളർത്താൻവേണ്ടിയനുഭവിക്കുന്ന ത്യാഗം ചെറുതൊന്നുമല്ല. മതസംഘടനകൾക്കും മറ്റു ദൈവീക സ്ഥാപനങ്ങൾക്കും അവർ നൽകുന്ന സംഭാവനകളുടെ തുക കൊല്ലംതോറും വർധിച്ചുവരികയാണ്. അതിന്റെ ഫലമായി അമേരിക്കയിൽ ആധ്യാത്മികബോധവും സാൻമാർഗിക നിലവാരവും എത്രത്തോളം വളർന്നിട്ടുണ്ടെന്ന് ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന സംഘടനയുടെ ഡയറക്ടറായ ഹ്രവർ ഈയിടെ പ്രസിദ്ധം ചെയ്ത സ്ഥിതിവിവരക്കണക്കുകൾ നോക്കിയാൽ ബോധ്യമാവും.

## 3 പ്രാർത്ഥനയുടെ സംഭാവന

1961-ലെ പ്രാർത്ഥനയുടെ ഫലങ്ങൾ താഴെ ഉദ്ധരിക്കുന്നു.

| | |
|---|---|
| കൊലപാതകം | 8,600 |
| ബലാത്സംഗം | 16,010 |
| കൊള്ള | 91,660 |
| ഗൗരവംകൂടിയ ബലപ്രയോഗകേസുകൾ | 1,33,020 |
| ചെറുകിട മോഷണം | 4,98,100 |
| കാർ മോഷണം | 3,26,000 |

(ജൂലൈ 15-ന്റെ ഇന്ത്യൻ എക്സ്പ്രസ്)

പ്രാർത്ഥയുടെ ശക്തി വർദ്ധിക്കുംതോറും കുറ്റങ്ങളുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. ഹൂവർ പറയുന്നു:

“കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നമ്മുടെ രാജ്യത്തിലെ ജനസംഖ്യ ഏഴ് ശതമാനമാണ് വർധിച്ചത്. എന്നാൽ കുറ്റങ്ങൾ 34 ശതമാനം വർദ്ധിച്ചിരിക്കുന്നു.”

ഞെട്ടിപ്പിക്കുന്ന മറ്റൊരു കാര്യം കൂടി അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. അമേരിക്കയിൽ കൊള്ള, കൊലപാതകം, ബലാത്സംഗം തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങൾക്കു കഴിഞ്ഞ കൊല്ലം അറസ്റ്റുചെയ്യപ്പെട്ടവരിൽ 43 ശതമാനവും 18 വയസിനു താഴെയുള്ളവരത്രേ.

